# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3086 — 18-10-2016-ൽ മറുപടിക്ക്

## ബിസിനസ്സ് ഇൻക്യുബേഷൻ കേന്ദ്രങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. ആർ.രാമചന്ദ്രൻ<br>ശ്രീ. ഇ.ടി.ടൈസൺ മാസ്റ്റർ<br>ശ്രീ. മുഹമ്മദ് മുഹസിൻ.പി. | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

**(എ)** സംസ്ഥാനത്ത് പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനായി മുന്നോട്ടു വരുന്നവർക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകുന്നതെന്ന് വിശദീകരിക്കുമോ ;

**(എ)** സംസ്ഥാനത്ത് പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനായി വ്യവസായ വകുപ്പ് നേരിട്ടും കെ.എസ്.ഐ.ഡി.സി., കിൻഫ്ര, കെ-ബിപ്, കേരള സ്റ്റാർട്ടപ്പ് മിഷൻ എന്നീ ഏജൻസികൾ മുഖാന്തിരവും താഴെ പറയുന്ന സഹായങ്ങൾ നൽകി വരുന്നു.

1. പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ജില്ലാ / താലൂക്ക് / ബ്ലോക്ക് /പഞ്ചായത്ത് തലത്തിൽ സെമിനാറുകൾ, ക്യാമ്പുകൾ, വർക്ക്ഷോപ്പുകൾ, ടെക്നോളജി ക്ലിനിക്ക് തുടങ്ങിയവയിലൂടെ സംരംഭകർക്ക് വേണ്ട ബോധവൽക്കരണം നടത്തുന്നു.
2. സംരംഭകർക്ക് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം ആവശ്യമെങ്കിൽ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭ്യമാക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി വരുന്നു. ധനകാര്യ സ്ഥാപനങ്ങളിലേക്ക് ടെക്നിക്കൽ ഫീസിബിലിറ്റി റിപ്പോർട്ട് നൽകുന്നു.
3. സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ ലൈസൻസുകളും ക്ലിയറൻസുകളും നേടി എടുക്കുന്നതിനു വേണ്ട സൗകര്യങ്ങൾ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിലൂടെ നൽകി വരുന്നു.
4. ക്ലസ്റ്റർ വികസന പദ്ധതിയിലൂടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പൊതു സൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും അസംസ്കൃത വസ്തുക്കളുടെ ബാങ്ക് ആരംഭിക്കുന്നതിനും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായം നൽകി വരുന്നു.

5. വ്യവസായ എസ്റ്റേറ്റുകളിൽ ലഭ്യത അനുസരിച്ച് വ്യവസായ സംരംഭകർക്ക് വ്യവസായ ഭൂമി ലഭ്യമാക്കുന്നു.
6. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് മെച്ചപ്പെട്ട ആനുകൂല്യ വുമായി സംരംഭകത്വ സഹായ പദ്ധതി ESS (Entrepreneur Support Scheme) നടപ്പിലാക്കി വരുന്നു. പൊതുവിഭാഗ ത്തിൽപ്പെട്ട സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 15% ഉം (പരമാവധി 20 ലക്ഷം രൂപ) വനിതാ സംരംഭ ങ്ങൾക്കും പട്ടിക ജാതി / പട്ടികവർഗ്ഗ സംരംഭങ്ങൾക്കും, യുവ സംരംഭ ങ്ങൾക്കും 20% വരെയും (പരമാവധി 30 ലക്ഷം രൂപ) സാമ്പത്തിക സഹായം നൽകുന്നു. മുൻഗണനാ വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 10% (പരമാവധി 10 ലക്ഷം രൂപ) അധിക സാമ്പത്തിക സഹായം നൽകുന്നുണ്ട്. ഇടുക്കി വയനാട്, കാസർ ഗോഡ്, പത്തനംതിട്ട ജില്ലകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 10% (പരമാവധി 10 ലക്ഷം രൂപ) അധിക സഹായം നൽകി വരുന്നു. കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും ആധുനിക സാങ്കേതിക വിദ്യ സ്വന്തമാക്കി ആരംഭിക്കുന്ന സംരംഭങ്ങൾക്കും 10% (പരമാവധി 10 ലക്ഷം രൂപ) അധിക സഹായം ലഭിക്കും.
7. കെ.എസ്.ഐ.ഡി.സി.യുടേയും കിൻഫ്ര യുടേയും വ്യവസായ പാർക്കുകളിൽ നിക്ഷേപകർക്ക് ആവശ്യമായ ഭൂമിയും, മറ്റടിസ്ഥാന സൗകര്യങ്ങളും ആകർഷ കമായ വ്യവസ്ഥകളിൽ ലഭ്യമാക്കുന്നു.
8. സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള നട പടികൾ ലഘൂകരിച്ചും ഏകജാലക സംവിധാനം വഴി സംരംഭങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ അനുമതി കളും ക്ലിയറൻസുകളും വേഗത്തിൽ നൽകുന്നതിനുള്ള നടപടികൾ പുരോ ഗമിക്കുന്നു.

9. ബാംബൂ മേഖലയിലേയും മറ്റ് കരകൗശല മേഖലയിലേയും വിപണി സാധ്യത വർദ്ധിപ്പിക്കുന്നതിനായി കേരള ബാംബൂ ഫെസ്റ്റ്, ക്രാഫ്റ്റ് മേള തുടങ്ങിയ മേളകളും സംഘടിപ്പിച്ചു വരുന്നു. കൂടാതെ സംസ്ഥാനത്തെ ചെറുകിട വ്യവസായികൾക്ക് ദേശീയ അന്തർദേശീയ മേളകളിൽ പങ്കെടുക്കാനുള്ള അവസരങ്ങൾ കെ-ബിപ് മുഖേന ഒരുക്കുന്നുണ്ട്.

**(ബി)** സംസ്ഥാനത്ത് ബിസിനസ് ഇൻക്യുബേഷൻ കേന്ദ്രങ്ങൾ നിലവിലുണ്ടോ ; വ്യക്തമാക്കുമോ ;

**(സി)** ഇവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ?

**(ബി) & (സി)** ഉണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളോട് അനുബന്ധിച്ചും ബിസിനസ് ഇൻക്യുബേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതു കൂടാതെ യുവ സംരംഭകരുടെ സംരംഭകത്വ ആശയങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിനും അവരുടെ സംരംഭങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുമായി എറണാകുളം ജില്ലയിലെ കാക്കനാട്ടുള്ള ഇൻഫോപാർക്ക് കാമ്പസിലും അങ്കമാലി ഇൻകെൽ കാമ്പസിലും ഇൻക്യുബേഷൻ സെന്ററുകൾ കെ.എസ്.ഐ.ഡി.സി.യുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ഒരു ബിസിനസ് ആശയത്തെ ഒരു ഉൽപ്പന്നം / സേവനം എന്ന നിലയിലേക്ക് മാറ്റി ഒരു വിജയകരമായ സംരംഭകനെ സൃഷ്ടിക്കുകയാണ് ബിസിനസ് ഇൻക്യുബേഷൻ സെന്ററിന്റെ ലക്ഷ്യം.

സെക്ഷൻ ഓഫീസർ